**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 92** **08-08-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ , സുരക്ഷ ഉദ്യോഗസ്ഥരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തെ അംഗീകൃത ഇമിഗ്രേഷൻ ചെക്പോസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇമിഗ്രേഷൻ പ്രവർത്തനങ്ങൾക്കായി കേരളാ പോലീസിൽ നിന്നും രണ്ട് സർക്കിൾ ഇൻസ്‌പെക്ടർ, എട്ട് സബ് ഇൻസ്‌പെക്ടർ, നാല് കോൺസ്റ്റബിൾ എന്നിവരുടെ ഡെപ്യൂട്ടേഷൻ നിയമനത്തിനായുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത തുറമുഖത്തിലെ സുരക്ഷ ജോലികൾക്കായി സ്റ്റേറ്റ് ഇൻഡസ്ട്രീയൽ സെക്യൂരിറ്റി ഫോഴ്‌സിൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ സ്വീകരിച്ച് വരുന്ന നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം തുറമുഖത്തെ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ഒരു ഇമിഗ്രേഷൻ ചെക് പോയിന്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF)-ൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതു സംബന്ധിച്ച് ഒരു സെക്യൂരിറ്റി ആഡിറ്റ് നടത്തിയിട്ടുണ്ട്. പോലീസ് മേധാവി 24/07/2023 ന് ഓഡിറ്റ് റിപ്പോർട്ട് സർക്കാരിനു ലഭ്യമായിട്ടുണ്ട്. |
| (സി) | കൊല്ലം തുറമുഖത്തെ അംഗീകൃത ഇമിഗ്രേഷൻ ചെക്പോസ്റ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്നതിന് ഇമിഗ്രേഷൻ ഉദ്യോഗസ്ഥരുടേയും സുരക്ഷാ ഉദ്യോഗസ്ഥരുടേയും നിയമനം അനിവാര്യമാകയാൽ ഇതിനായി സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ ഊർജ്ജിതമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കൊല്ലം തുറമുഖത്തെ എമിഗ്രേഷൻ ചെക് പോസ്റ്റിലേക്ക് ബ്യൂറോ ഓഫ് എമിഗ്രേഷൻ മുഖേന നിയമനം നൽകുന്നതിനു ഇമിഗ്രേഷൻ ഡയറക്ടർക്ക് അയച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പാനൽ സംബന്ധിച്ച് ബ്യൂറോ ഓഫ് എമിഗ്രേഷനിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലായെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ